# നാളികേര മേഖലയ്ക്ക് 75 കോടി

തിരുവനന്തപുരം: നാളികേര കർഷകരുടെ ദുരിതം കണക്കിലെടുത്ത് നാളികേര മേഖലയുടെ സംരക്ഷണത്തിനും വികസനത്തിനുമായി ബജറ്റിൽ 75 കോടിയുടെ സഹായം ധനമന്ത്രി കെ.എം മാണി പ്രഖ്യാപിച്ചു. ഇതിനൊപ്പം നീര ഉൽപാദനത്തിനുള്ള ധനസഹായവും പ്രഖ്യാപിച്ചിട്ടുണ്ട്. നീര ടെക്നീഷ്യൻമാർക്ക് 10000 രൂപ സബ്സിഡി നൽകും. ഇതിനായി ബജറ്റിൽ 10 കോടി രൂപ നീക്കിവെച്ചു. കാർഷികോൽപാദന സംഘങ്ങൾക്ക് ഓഹരി മൂലധനം നൽകാൻ 10 കോടി രൂപ നൽകും. ഓരോ നാളികേര ഉൽപാദക കമ്പനിക്കും കെട്ടിടവും യന്ത്രസാമഗ്രികളും വാങ്ങാൻ സഹായം നൽകും. ഇതിനുള്ള ബജറ്റ് വിഹിതം 10 കോടി രൂപയാണ്. വ്യക്തിഗത തോട്ടങ്ങൾക്ക് പ്ലാന്റേഷൻ നികുതി പിൻവലിക്കും. കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക് സബ്സിഡിയായി 20 കോടി രൂപ നൽകും. സുഗന്ധവ്യഞ്ജന കൃഷിക്ക് പലിശ സബ്സിഡിയായി 20 കോടി രൂപ നീക്കിവെച്ചു. തേൻ ഉൽപാദനം വർദ്ധിപ്പിക്കാൻ 'ഹണി മിഷൻ' പദ്ധതിക്കും ബജറ്റിൽ രൂപം കൊടുത്തിട്ടുണ്ട്.